# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1546      11.08.2017-ൽ മറുപടിയ്ക്ക്.

## ദുർബല ഗോത്ര വിഭാഗങ്ങൾക്കുള്ള പദ്ധതിയിൽ കൂടുതൽ പഞ്ചായത്തുകളെ ഉൾപ്പെടുത്താൻ നടപടി

| | ചോദ്യം<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വർദ്ധിച്ച മാതൃ-ശിശുമരണ നിരക്കും പോഷകാഹാരക്കുറവും കണ്ടെത്തിയിട്ടുള്ള ദുർബല ഗോത്ര വിഭാഗങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് ഏതെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകാമോ; | (എ)<br>&<br>(ബി) | കേരളത്തിലെ പട്ടികവർഗ്ഗക്കാരിൽ പ്രത്യേക ദുർബല ഗോത്രവിഭാഗങ്ങൾ, മാതൃശിശുമരണ നിരക്ക് കൂടുതലായി കാണപ്പെടുന്ന വിഭാഗങ്ങൾ, പോഷകാഹാര കുറവ് കണ്ടെത്തിയിട്ടുള്ള വിഭാഗങ്ങൾ, ആരോഗ്യ കേന്ദ്രങ്ങൾ അപ്രാപ്യമായതും വനത്തിൽ ഉള്ളതുമായ സങ്കേതങ്ങളിൽ താമസിക്കുന്നവർ തുടങ്ങിയവരുടെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആരോഗ്യമേഖലയ്ക്ക് ഊന്നൽ നൽകി ഈ വിഭാഗങ്ങൾക്കായി പ്രത്യേക പദ്ധതി ആവിഷ്കരിക്കുന്നതിനായി, അടിയന്തിര ഇടപെടലുകൾ ആവശ്യമുള്ള 51 പഞ്ചായത്തുകളിൽ |
| (ബി) | സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ സമിതി 51 പഞ്ചായത്തുകളെ മാത്രം ഉൾപ്പെടുത്തി ദുർബല ഗോത്ര വിഭാഗങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് പദ്ധതികൾ നടപ്പാക്കുന്നു എന്ന വാർത്ത ശരിയാണോ; | | |

| | | | |
|---|---|---|---|
| | | | പട്ടിക വർഗ്ഗ വികസന വകുപ്പും, തദ്ദേശ സ്വയംഭരണ വകുപ്പും, ബന്ധപ്പെട്ട മറ്റു വകുപ്പുകൾ/ സർക്കാർ ഏജൻസികൾ എന്നിവയുടെ പദ്ധതി വിഹിതം സംയുക്തമായി വിനിയോഗിച്ച് പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ഇത്തരത്തിലുള്ള പഞ്ചായത്തുകൾ ഏതൊക്കെയാണെന്ന് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളെ അറിയിക്കേണ്ടതാണെന്നും ഈ പഞ്ചായത്തുകൾ പട്ടികവർഗ്ഗ വികസനവകുപ്പുമായി ചേർന്ന് പദ്ധതി നടപ്പിലാക്കേണ്ടതുമാണെന്നും നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (സി) | എങ്കിൽ ഇത്തരത്തിലുള്ള ജനവിഭാഗങ്ങൾ അധിവസിക്കുന്ന നിരവധി പഞ്ചായത്തുകൾ അവഗണിക്കപ്പെട്ടുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) | എങ്കിൽ ഈ അവഗണന ഇല്ലാതാക്കാൻ ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (ഡി) | ബാധകമല്ല. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**